➪ *അതും സംസ്കൃതത്തിലുള്ള ശ്ലോകമായാൽ ഒരു ബ്രാഹ്മണനും എതിർക്കുകയില്ല* ➪

# ഓ...ഓണം...! ഓണം...!! ഉന...! ഉന...!!

ഭാഗവതവും മനുസ്മൃതിയും പോലുള്ള പ്രാമാണിക ഗ്രന്ഥങ്ങളുടെയൊന്നും പിൻബലമില്ലാത്തതും ജനമനസ്സുകളിൽ മാത്രം സ്ഥാനമുള്ളതുമായ മലയാളികളുടെ രണ്ട് ജീവനാഡികളാണ് ഓണവും നാരായണഗുരുവും. പ്രാമാണിക ഗ്രന്ഥത്തിൽ പറഞ്ഞിട്ടില്ലാത്ത വാമൊഴികളും ചരിത്രവും കേരളീയരിൽ നിന്നും തുടച്ചുനീക്കാൻ ശ്രമിക്കുന്നവർ ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്...എന്താണത്?

**എസ്. നാരായണൻ**

**എം.ടി.** വാസുദേവൻ നായരുടെ പെരുന്തച്ചൻ എന്ന സിനിമ കണ്ടിട്ടുള്ളവർ, കൊട്ടാരത്തിലെ മണ്ഡപം പണിക്കുവേണ്ടിയുള്ള വൃക്ഷം മുറി നടക്കുന്നിടത്തുവച്ച്, പണിയുടെ മേൽനോട്ടക്കാരനും പണ്ഡിത ശ്രേഷ്ഠനുമായ നീലകണ്ഠൻ നമ്പൂതിരിയും ആശാരിയായ പെരുന്തച്ചനും തമ്മിൽ നടക്കുന്ന തർക്കം മറക്കാനിടയില്ല. മുറിക്കാനുദ്ദേശിക്കുന്ന മരത്തിൽ കുടിപാർക്കുന്ന ജീവികളോട് മാറിത്തരണമെന്ന് അപേക്ഷിക്കണമെന്നും മുറിക്കാനുള്ള സമ്മതത്തിന് വേണ്ടി മരത്തോടുതന്നെ പ്രാർത്ഥിച്ച് വൃക്ഷപൂജ നടത്തണമെന്നും അതാണ് ശാസ്ത്രമെന്നും പെരുന്തച്ചൻ അറിയിക്കുന്നു. മഹാപണ്ഡിതനായ തിരുമേനിക്ക് അതൊന്നും അറിയില്ല. അയാൾ, ഏതു ഗ്രന്ഥത്തിലാണ് ഇങ്ങനെയുള്ളതെന്ന് ചോദിക്കുന്നു. പെരുന്തച്ചൻ, 'കൗശികീയ'ത്തിലെ ആണെന്നു പറഞ്ഞ് നാലുവരി ശ്ലോകം ചൊല്ലുന്നു.

യാ നീഹ ഭൂതാനി വസന്തിതാനി
ബലിം ഗൃഹീത്വാ വിധിവൽ പ്രയുക്തം
അന്യത്ര വാസം പരികല്പയാമി
ക്ഷമന്തു താനദ്യ നമോസ്തുതേഭ്യഃ

ഗ്രന്ഥനാമവും ശ്ലോകവും കേട്ടതോടെ നീലകണ്ഠൻ നമ്പൂതിരി പിന്നെയൊരെതിർപ്പും പറഞ്ഞില്ല. ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ, ശ്ലോകത്തിലാക്കിയിട്ടുണ്ടെങ്കിൽ പിന്നെ തർക്കം ഉദിക്കുന്നില്ല. ഇതാണ് ആർഷഭാരതത്തിലെ രീതി. ആശാരി, ജാതിയിൽ താണവനാണെങ്കിലും ഗ്രന്ഥത്തിൽ നിന്നും ഉദ്ധരിച്ചാൽ, അതും സംസ്കൃതത്തിലുള്ള ശ്ലോകമായാൽ ഒരു ബ്രാഹ്മണനും എതിർക്കുകയില്ല. ഏത് പരിഷ്കൃത സമൂഹത്തിലും നീതിക്കും ന്യായത്തിനും അവലംബമായി വർത്തിക്കുന്നത് മഹദ്ഗ്രന്ഥങ്ങൾ മാത്രമാണ്. ലോകത്തെവിടെയും സംസ്കാരം പടുത്തുയർത്തിയിരിക്കുന്നത് മഹാഗ്രന്ഥങ്ങളുടെ പുറത്താണ്. ഗ്രന്ഥങ്ങളിലില്ലാത്തതെല്ലാം ഊഹാപോഹങ്ങളോ കെട്ടുകഥകളോ മിഥ്യാധാരണകളോ മാത്രമാണ്. ഗ്രന്ഥങ്ങളുടെ പിൻബലമില്ലാത്ത ജല്പനങ്ങളെയാണ് 'വായയ്ക്കു തോന്നിയത് കോതയ്ക്ക് പാട്ട്' എന്നു പറഞ്ഞുപോരുന്നത്. ഒരു പരിഷ്കൃത ജനതയും ഇത്തരം കോതപ്പാട്ടുകൾ അംഗീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യില്ല.

ശശികല ടീച്ചർ ഹിന്ദു ഐക്യവേദിയുടെ നേതാവായിരിക്കാം. ഹിന്ദു ഐക്യവേദി വെള്ളം ചേർക്കാത്ത വർഗ്ഗീയ വിഷം വമിക്കുന്ന സംഘടനയാണെന്ന് അഭിപ്രായമുള്ളവരും ഒരുപക്ഷേ ഉണ്ടായേക്കാം. അതിന്റെ നേതാവിന്റെ വായിൽനിന്ന് സനാതനവും പരമസത്യാത്മകവുമായ പരംപൊരുളുകൾ ഉതിർന്നുവീഴുമ്പോൾ രാഷ്ട്രീയ ലക്ഷ്യംവച്ച് അതിനെ എതിരിടുകയല്ല വേണ്ടത്. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്ന മട്ടിൽ ശശികല ടീച്ചറെ എതിരിടുന്നത് അധർമ്മമാ

ണ്. കേരളീയർ നൂറ്റാണ്ടുകളായി ആഘോഷിക്കുന്ന ഓണത്തിന്റെ പിന്നിലുള്ള ശരിയായ കാഴ്ചപ്പാട് പണ്ഡിതോചിതമായ രീതിയിൽ അവതരിപ്പിച്ചതിനെ എതിർത്തുകൊണ്ട് രംഗത്തുവന്നവർ ചരിത്രനിഷേധമാണ് ചെയ്തത് എന്ന് പറയാതിരിക്കാനാവില്ല.


എതിർക്കുന്നവർ ടീച്ചർ എന്തുതെറ്റാണ് ചെയ്തത് എന്ന് ശാന്തമായി ആലോചിച്ചു നോക്കണം. കേരളത്തിലെ കൊച്ചുകുട്ടികൾക്ക് പോലും അറിയാവുന്ന വിധം പ്രചരിക്കപ്പെട്ടിട്ടുള്ള കഥയ്ക്ക് എന്തെങ്കിലും ഗ്രന്ഥത്തിന്റെ പിൻബലമുണ്ടോ എന്ന വളരെ ലളിതമായ ഒരു ചോദ്യം സത്യസന്ധതയോടുകൂടി ശരിയായ സന്ദർഭത്തിൽ ഉന്നയിക്കുക മാത്രമാണ് ഉണ്ടായത്. മഹാബലിയെ ആദർശവത്കരിക്കാൻ വേണ്ടി മഹാവിഷ്ണുവിനെ ഗുണ്ടയാക്കി ചിത്രീകരിക്കുന്ന രീതി ആശാസ്യമല്ലെന്നാണ് ശശികല ടീച്ചർ പഞ്ഞത്. "മഹാബലി നല്ല ചക്രവർത്തിയായിരുന്നു എന്നു പറയുമ്പോൾ, ബ്രിട്ടീഷുകാരുടേത് നല്ല ഭരണമായിരുന്നു എന്നു പറയുന്ന ധാരാളം ആളുകളും ഇവിടെയില്ലേ. മഹാബലി ദേവലോകം വരെ ആക്രമിച്ച് കീഴടക്കിയ ആളാണ്. എത്രനല്ല ഭരണാധികാരിയായാലും തനിക്ക് അർഹതയില്ലാത്ത മറ്റ് രാജ്യങ്ങൾ കീഴ്പ്പെടുത്താനുള്ള അവകാശം ആർക്കുമില്ല. അത് സാമ്രാജ്യത്വമാണ്. വാമനൻ സാമ്രാജ്യത്വത്തിനെതിരെ ഒരു കുഞ്ഞിക്കാലു വച്ചയാളാണ്. നമുക്കൊക്കെ സ്വതന്ത്ര്യസമരത്തിന്റെ പ്രേരണയായിട്ട് കാണാവുന്ന ഒരാളാണ് വാമനൻ. ഓണത്തിന് ഇവിടെ മഹാബലിക്ക് ഒരു പൂജയും കൊടുക്കുന്നില്ല. ഓണത്തപ്പനും പൂക്കളത്തിന് നടുവിൽ വയ്ക്കുന്ന തൃക്കാക്കരയപ്പനുമൊക്കെ വാമന സങ്കൽപ്പമാണ്. മഹാബലി ഇടയ്ക്കെപ്പോഴോ കയറിവന്ന ഒരു ടിസ്റ്റാണ്." ഏതെങ്കിലും ഒരു പുരാണത്തിലോ ഇതിഹാസത്തിലോ മഹാബലി കേരളം ഭരിച്ചിരുന്ന ചക്രവർത്തിയാണെന്നതിന് എന്തെങ്കിലും തെളിവ് ചൂണ്ടിക്കാണിക്കാമോ എന്നും ടീച്ചർ വെല്ലുവിളിക്കുകയുണ്ടായി. അത്തരത്തിലുള്ള പരാമർശം ഒരു ഗ്രന്ഥത്തിലും ഇല്ലെന്നിരിക്കെ, കള്ളവും പൊളിവചനവും ചതിയുമില്ലാതെ ആമോദത്തോടെ വസിച്ച കഥകളൊക്കെ വെറും കോതപ്പാട്ടുകളാണെന്ന് മലയാളിയുടെ മുഖത്തുനോക്കി പറഞ്ഞ ടീച്ചർ ഓണത്തെക്കുറിച്ചുള്ള പൊട്ടക്കഥകളൊക്കെ പൊളിച്ചടക്കി. തെളിവുകാണിക്കാനില്ലാതെ തോറ്റുപോയവർ തന്റെ അച്ഛനും അമ്മയ്ക്കും വിളിച്ചുകൊണ്ടിരിക്കുകയാണെന്നും ടീച്ചർ വിഷമത്തോടെ വെളിപ്പെടുത്തുന്നു. ടീച്ചറെ എതിർക്കുന്നതൊന്നും ശരിയായ രീതിയല്ല. ടീച്ചർ ഭാഗവത പ്രഭാഷണങ്ങൾ നടത്തുന്നയാളാണ്. വേദങ്ങളും ഇതിഹാസങ്ങളും പുരാണങ്ങളും ഹൃദിസ്ഥമാണ്. മഹാ പണ്ഡിതയായ അവർ തെളിവുചോദിക്കുമ്പോൾ അതിനെ നേരിടാൻ ത്രാണിയില്ലാത്തവർ തന്തയ്ക്കുവിളിച്ച് രംഗം കലക്കുകയാണ്. ഇതാണ് യഥാർത്ഥത്തിൽ അസഹിഷ്ണുത.

ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്യുന്ന പരിപാടിയാണ് ഓണത്തിന്റെ പേരിൽ കേരളത്തിൽ നടക്കുന്നത്. വാമനൻ മഹാവിഷ്ണുവിന്റെ ഒരു അവതാരമാണ്. പ്രജാക്ഷേമ തത്പരനായ ഒരു ചക്രവർത്തിയെ പാതാളത്തിലേക്ക് ചവുട്ടിത്താഴ്ത്തിയ, ബൂർഷ്വാ ഭരണാധികാരികളുടെ ചട്ടുകമായി പ്രവർത്തിച്ച ആളായിട്ടാണ് വാമനൻ ഇവിടെ ചിത്രീകരിക്കപ്പെടുന്നത്. മിത്തുകളെ വികലമായി അവതരിപ്പിക്കുകയാണ്. കുള്ളനായ വാമനൻ ക്രൂരനാണെന്നും വില്ലനാണെന്നും നിരന്തരം പറഞ്ഞ് തെറ്റായ ചരിത്രം ഇവിടെ ബോധപൂർവ്വം സൃഷ്ടിച്ചെടുത്തിരിക്കയാണ്. മഹാബലിയും വാമനനും യഥാർത്ഥത്തിൽ ഒരേ വംശപരമ്പരയിൽപ്പെട്ട ആളുകളാണ്. സമത്വസുന്ദരമായ സാമൂഹ്യവ്യവസ്ഥ തകർത്തുകളഞ്ഞ നീചനായി വാമനനെ ചിത്രീകരിക്കുന്നത് ചരിത്ര നിരാസം തന്നെയാണ്. അവരുടെയൊക്കെയുള്ളിൽ ചരിത്രത്തെ ഹൈജാക്ക് ചെയ്യാനുള്ള ഗൂഢപദ്ധതികളാണുള്ളത്.

ഇത്തരം ഗൂഢലക്ഷ്യങ്ങൾ ഇനി നടപ്പിലാകാൻ പോകുന്നില്ല. അതിന്റെ മുന്നോടിയായാണ് അമിത്ഷാജി ഓണത്തിന്റെ തലേന്ന് ഫെയ്സ്ബുക്കിലൂടെ വാമനജയന്തി ആശംസകൾ നേർന്നത്. ഓണത്തോടനുബന്ധിച്ചിറങ്ങിയ 'കേസരി'യിൽ വാമനജയന്തിയെപ്പറ്റി നെടുങ്കൻ ലേഖനവും മുഖചിത്രമായി പൂണൂൽ ധരിച്ച ബ്രാഹ്മണ ബാലന്റെ കളർചിത്രവും കൊടുത്തു. ഭാഗവത പ്രഭാഷണങ്ങൾ നിരവധി നടത്തിയിട്ടുള്ള ശശികല ടീച്ചർ ഫീൽഡിലിറങ്ങി തെളിവിനായി ഗ്രന്ഥങ്ങൾ ക്ഷണിച്ച് എതിർപ്പുകളുടെയെല്ലാം മുനയൊടിച്ചു.

ഉനയിൽ നിന്നുള്ള വാർത്തകൾ വിശകലനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ആരോ കേരളത്തിലെ ഓണത്തിന് ആശംസ കൊടുക്കണമെന്ന് അമിത്ഷായോട് പറഞ്ഞത്. ഓനം...ഓനം... എന്നുപറഞ്ഞ് അദ്ദേഹം അമിട്ടുവിരിഞ്ഞ സന്തോഷത്തോടെ ഉന...ഉന... എന്നുവിളിച്ച് തുള്ളിച്ചാടുകയായിരുന്നു. കൗടില്യനുശേഷം ഭാരതത്തിന് കിട്ടിയ മി

ഉനയിൽ നിന്നുള്ള വാർത്തകൾ വിശകലനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ആരോ കേരളത്തിലെ ഓണത്തിന് ആശംസ കൊടുക്കണമെന്ന് അമിത്ഷായോട് പറഞ്ഞത്. ഓനം...ഓനം... എന്നുപറഞ്ഞ് അദ്ദേഹം അമിട്ടുവിരിഞ്ഞ സന്തോഷത്തോടെ ഉന...ഉന... എന്നുവിളിച്ച് തുള്ളിച്ചാടുകയായിരുന്നു.




വാമന ജയന്തി ആശംസകൾ നേർന്നുകൊണ്ടുള്ള അമിത്ഷായുടെ പത്രപരസ്യം.

കച്ച രാഷ്ട്രതന്ത്രജ്ഞനായ അദ്ദേഹം എന്തോ മനസ്സിൽ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന് എന്നും ആഭിമുഖ്യമുള്ളത് വാമനന്റെ ഓപ്പറേഷൻ രീതികളോടാണ്. വാമനനെ ഓർത്ത് കേരളത്തെ നോക്കി അദ്ദേഹം താടിയുഴിഞ്ഞിട്ടുണ്ടെങ്കിൽ എന്തെങ്കിലുമൊക്കെ നടക്കും. സമത്വസുന്ദരമായ ഒരു സങ്കൽപ്പത്തെ തച്ചുടച്ച് ഗർഭസ്ഥശിശുക്കളിലേക്ക് വരെ ആഴ്ന്നിറങ്ങുന്ന ഒരു ടിസ്റ്റ് കൊണ്ടുവരാൻ അദ്ദേഹത്തിന് മാത്രമേ സാധിക്കുകയുള്ളൂ.

വാമനനെ വിമർശിക്കുന്നവർക്ക് അറിയാമോ അദ്ദേഹം മഹാബലിയോട് എന്താണ് ചെയ്തതെന്ന്? മഹാബലി ചെയ്ത സത്യം പാലിക്കാൻ വേണ്ടി വാമനൻ മഹാബലിയോട് കരുണ കാട്ടുകയാണുണ്ടായത്. മൂന്നടി മണ്ണ് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്ത മഹാബലിക്ക്, ആകാശവും ഭൂമിയും രണ്ട് പാദങ്ങൾ കൊണ്ടുതന്നെ അളന്നെടുത്ത വാമനന് മുന്നിൽ മൂന്നാമത്തെ അളവിന് കൊടുക്കാൻ സ്ഥലമില്ലാതെയായി. തന്റെ ശിരസ് ഭഗവാന്റെ പാദസ്പർശത്തിനായി മഹാബലി കാണിച്ചുകൊടുത്തപ്പോൾ കാരുണ്യവാനായ വാമനൻ തന്റെ തൃക്കാലിണവെച്ച് മഹാബലി ചെയ്ത സത്യം പാലിക്കാൻ അദ്ദേഹത്തെ സഹായിച്ചു. ഇതിൽ ഭഗവാൻ നീതിയാണോ കാണിച്ചത് എന്ന് ബ്രഹ്മാവിന് പോലും സംശയമുണ്ടായി. എല്ലാ സംശയങ്ങൾക്കും ഭഗവാൻ മറുപടി പറഞ്ഞത് ഭാഗവതത്തിൽ തന്നെ വായിക്കാം.

“ബ്രഹ്മൻ യമനു ഗൃഹ്ണാമി തദ്വിശോ
വിധുനോ മൃഹം
യൻമദഃ പുരുഷഃ സ്തബ്ധോ ലോകം
മാം ചവമന്യതേ”
(8.22-24)

*“ബ്രഹ്മാവേ, ഞാൻ ആരെയാണോ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നത് അയാളുടെ ഐശ്വര്യത്തെ ആദ്യം ഇല്ലാതാക്കും. ഐശ്വര്യമദം കൊണ്ട് മത്തനായവൻ ലോകത്തെയും എന്നെയും അപമാനിക്കും.”*

ചവുട്ടിത്താഴ്ത്തി എന്ന് കേട്ടപ്പോഴേക്കും ഏതോ കുബുദ്ധികൾ അത് പാതാളത്തിലേക്കാണെന്ന് ദുർവ്യാഖ്യാനം നടത്തി. ‘സുതലം’ എന്ന ലോകത്തേക്കാണ് മഹാബലിയെ മാറ്റിപ്പാർപ്പിച്ചത്. ദേവന്മാർക്ക് പോലും അസൂയയുണ്ടാക്കുന്ന സ്ഥലമാണ് സുതലം. മഹാബലിയുടെ സുരക്ഷയ്ക്കായി ഗദാധാരിയായി താൻ നിത്യവും കാവലുണ്ടാകുമെന്ന ഓഫറും വാമനൻ നൽകി. ദുർവ്യാഖ്യാതാക്കളുടെ വ്യാഖ്യാനം കേട്ടാൽ മഹാബലി കിടക്കുന്നത് ഏതോ ഗ്വാണ്ടനാമോ തടവറയിലാണെന്ന് തോന്നും.

മഹാബലിയോട് ഭഗവാൻ ചെയ്തത് അനീതിയാണോ എന്ന് ബ്രഹ്മാവിന് പോലും സംശയമുണ്ടായ സ്ഥിതിക്ക് സാധാരണ മനുഷ്യരുടെ കാര്യം പറയാനുണ്ടോ? നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും കാണുമ്പോൾ ഇതിൽ അനീതിയില്ലേ എന്ന സംശയം പലർക്കുമുണ്ടാകാം. തെളിവ് ഗ്രന്ഥങ്ങളിൽ നിന്നോ, ശ്ലോകങ്ങളിൽ നിന്നോ കൊണ്ടുവരൂ എന്ന് നിരന്തരം പറയുന്നത് ഇത്തരം സംശയങ്ങളുടെ ദുരീകരണത്തിനാണ്. ഭാഗവതത്തിലെ രണ്ടുവരി ശ്ലോകംകൊണ്ടുതന്നെ ബ്രഹ്മാവിന്റെ സംശയം നീങ്ങിക്കിട്ടി. ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ രോഹിത് വെമുല എന്ന ദലിത് വിദ്യാർത്ഥിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്ന അവസ്ഥ രാജ്യം എങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നതിന്റെ വ്യക്തമായ സൂചനയല്ലേ എന്ന് സംശയിക്കുന്നവർ ധാരാളമുണ്ടാകും. മനുസ്മൃതിയിലുള്ള രണ്ടുവരികൊണ്ട് രോഹിത് വെമുലയുടെ മരണത്തിലുള്ള സംശയം തീർക്കാവുന്നതേയുള്ളൂ.

“സ്നാനമശ്വം ഗജം മത്തം വൃഷഭം കാമമോഹിതം
ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ”

*“കുളിച്ചുവരുന്ന കുതിരയുടേയും മദിച്ചുവരുന്ന ആനയുടേയും പശുവിന്റെ പിറകേ വരുന്ന കാളയുടേയും വിദ്യാഭ്യാസം ചെയ്ത ശൂദ്രരുടേയും അടുക്കലേക്ക് ചെല്ലരുത്.”*

മഹാബലിയോട് ഏറെ സാമ്യമുണ്ട് രോഹിത് വെമുലയ്ക്കും. തന്റെ വിജയങ്ങൾ മഹാബലിയെ ഗർവിഷ്ഠനാക്കിമാറ്റി. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം സിദ്ധിച്ചതിലൂടെ ചെക്കൻ തലമറന്ന് എണ്ണ തേക്കാൻ തുടങ്ങി. കാൾ സാഗനെപ്പോലെ ശാസ്ത്ര ലേഖകനാകാൻ ഒരു ശൂദ്രച്ചെക്കൻ ആഗ്രഹിക്കുക എന്നുവച്ചാൽ അതിനേക്കാൾ വലിയ അഹങ്കാരമുണ്ടോ? ഇവനൊക്കെ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നെങ്കിൽ ശ്ലോകത്തിൽ പറഞ്ഞ കുതിരേയേക്കാളും ആനയേക്കാളും കാളയേക്കാളും ദൂരത്തിലേക്ക് ആളുകളെ വിരട്ടിയോടിച്ചേനെ. പയ്യൻ പക്ഷെ ബുദ്ധിയുള്ളവനാണ്. അവൻ നിലനിൽക്കുന്ന അന്തരീക്ഷം മനസ്സിലാക്കി ബാക്കിയുള്ളവർക്ക് പണിയുണ്ടാക്കാതെ സ്വയം ഒഴിവായിത്തന്നു. ‘എ

ന്റെ ജനനം തന്നെയാണ് എനിക്ക് സംഭവിച്ച ഏറ്റവും വലിയ അപകടം' എന്നാണ് അവൻ ആത്മഹത്യാക്കുറിപ്പിൽ എഴുതിവച്ചത്. ഇന്ത്യയിൽ, ഓരോ മനുഷ്യന്റേയും വിധി ജനിച്ചവേളയിൽത്തന്നെ നിർണ്ണയിക്കപ്പെടുന്നു എന്ന യുഗങ്ങളോളം നിലനിന്ന സത്യം ഏറ്റവും പുതിയ തലമുറയിലെ ചെറുപ്പക്കാരന്റെ മനസ്സിൽപ്പോലും അങ്കുരിപ്പിച്ച വൈഭവത്തിന്റെ പേരിൽ ഭാരതത്തിന്റെ പൂർവ്വസൂരികളെ എത്ര അഭിനന്ദിച്ചാലാണ് മതിയാകുക! അഹങ്കാരം വെടിഞ്ഞ് രോഹിത് വെമുലയും മഹാബലിയെപ്പോലെ സുതലത്തിലേക്ക് തന്നെയായിരിക്കും എത്തിയിട്ടുണ്ടാവുക.

ഈ തത്വമനുസരിച്ചാണ് ഗുജറാത്തിലെ ഉനയിൽ ചത്തപശുവിന്റെ തോലുരിഞ്ഞ നാല് ശൂദ്രചെക്കന്മാരെ വസ്ത്രമുരിഞ്ഞുകളഞ്ഞ് കാറിൽകെട്ടിയിട്ട് ഊരച്ചന്തിയിൽ നല്ല പത്തലുകൊണ്ട് മതിവരുവോളം മർദ്ദിച്ചത്. മർദ്ദിച്ചാൽ ഗുണം വർദ്ധിക്കും എന്ന് ശാസ്ത്രമുണ്ടെന്നിരിക്കെ മറ്റുവഴികൾ തേടേണ്ടതില്ലല്ലോ. പുഷ്പകവിമാനവ പ്ലാസ്റ്റിക് സർജ്ജറിയും ടെസ്റ്റ്യൂബ് ഗർഭവുമൊക്കെ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് കണ്ടെത്തിക്കഴിഞ്ഞ ആർഷപാരമ്പര്യത്തിന് അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട കറുത്ത പരിഷകളെ കൈകാര്യം ചെയ്യുന്ന ശാസ്ത്രത്തിലാണ് കൂടുതൽ പ്രഗത്ഭ്യമുണ്ടായിരുന്നത്.

രോഹിതിനെ പോലെ സ്വയം ഒഴിഞ്ഞുതരണമെന്നില്ല എല്ലാവരും. പല സ്ഥലങ്ങളിലും വാമനനെപ്പോലെ കയറി ഇടപെടേണ്ടിവരും. ചതിപ്രയോഗത്തിലൂടെ നടന്നില്ലെങ്കിൽ കൈക്കരുത്തിലൂടെ തന്നെ പലതും നടപ്പാക്കേണ്ടിവരും. അതിനും ഗ്രന്ഥവും ശ്ലോകവും പ്രമാണമായുണ്ട്.

"ദുർജ്ജനം കാഞ്ചനം ഭേരീ ദുഷ്ടാശ്വം
ദുഷ്ടയോഷിതഃ
ഇക്ഷുദണ്ഡസ്തിലം ശൂദ്രം മർദ്ദനാൽ
ഗുണവർദ്ധനം"

*"ദുർജ്ജനം, സ്വർണ്ണം, ചെണ്ട, ദുഷ്ടക്കുതിര, ദുഷ്ട സ്ത്രീ, കരിമ്പ്, എള്ള്, ശൂദ്രർ എന്നിവയെല്ലാം മർദ്ദിക്കും തോറും ഗുണം വർദ്ധിക്കും".*

ഈ തത്വമനുസരിച്ചാണ് ഗുജറാത്തിലെ ഉനയിൽ ചത്തപശുവിന്റെ തോലുരിഞ്ഞ നാല് ശൂദ്രചെക്കന്മാരെ വസ്ത്രമുരിഞ്ഞുകളഞ്ഞ് കാറിൽകെട്ടിയിട്ട് ഊരച്ചന്തിയിൽ നല്ല പത്തലുകൊണ്ട് മതിവരുവോളം മർദ്ദിച്ചത്. മർദ്ദിച്ചാൽ ഗുണം വർദ്ധിക്കും എന്ന് ശാസ്ത്രമുണ്ടെന്നിരിക്കെ മറ്റുവഴികൾ തേടേണ്ടതില്ലല്ലോ. പുഷ്പകവിമാനവും പ്ലാസ്റ്റിക് സർജ്ജറിയും ടെസ്റ്റ്യൂബ് ഗർഭവുമൊക്കെ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് കണ്ടെത്തിക്കഴിഞ്ഞ ആർഷപാരമ്പര്യത്തിന് അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട കറുത്ത പരിഷകളെ കൈകാര്യം ചെയ്യുന്ന ശാസ്ത്രത്തിലാണ് കൂടുതൽ പ്രഗത്ഭ്യമുണ്ടായിരുന്നത്. പോത്തിന്റെയും കാളയുടേയും നിലവാരമുള്ള ഇവറ്റകളെ നിയന്ത്രിച്ചുകൊണ്ടു പോവുക എന്നത് ചില്ലറക്കാര്യമല്ല. അയിത്തം, തൊട്ടുകൂടായ്മ എന്നിങ്ങനെയുള്ള ടൂളുകൾ ഉപയോഗിച്ച് ചേറിൽ പണിയെടുക്കുന്നവനേയും ചത്ത മൃഗങ്ങളെ മറവുചെയ്യുന്നവനേയും വണ്ടിവലിക്കുന്നവനേയും തീട്ടം കോരുന്നവനേയും തീണ്ടാപ്പാടകലെ നിർത്തുന്ന മാനേജ്മെന്റ് വിദ്യ വിദേശരാജ്യങ്ങളൊക്കെ വിസ്മയത്തോടെയാണ് വിലയിരുത്തിയിട്ടുള്ളത്. ലോകത്ത് ഒരിടത്തുമില്ലാത്ത തികച്ചും ഭാരതീയമായ സാമൂഹിക മാനേജ്മെന്റ് രീതിയാണ് അയിത്തം എന്നുപറയുന്നത്. ഓരോ ജാതിയിൽപ്പെട്ടവനും എത്രയടി അകലെ നിൽക്കണമെന്നും എത്ര നീളത്തിലുള്ള മുണ്ടുടുക്കണമെന്നും അകത്തേക്ക് കയറുമ്പോൾ തല എത്ര കുനിക്കാവുന്ന വിധത്തിലുള്ള വീടാണ് പണിയേണ്ടത് എന്നും വളരെ ശാസ്ത്രീയമായ അവബോധത്തോടെ ഋഷീശ്വരന്മാർ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത എന്നു പറയുന്നത് ഇതൊക്കെ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഉദ്യോഗസ്ഥരെയോ പരിശോധകരെയോ ആവശ്യമില്ല എന്നതാണ്. ഏതുവഴിയിലൂടെ നടക്കാൻ പാടില്ല, എതു തൊഴിലാണ് ചെയ്യാൻ വിധിയുള്ളത്, ആർക്കൊക്കെ മുന്നിലാണ് പഞ്ചപുച്ഛമടക്കി നിൽക്കേണ്ടത് എന്നൊക്കെയുള്ള കാര്യങ്ങൾ ഇരകൾ തന്നെ സ്വയം ചെയ്തുകൊള്ളും. ഇതിലൊക്കെ എന്തെങ്കിലും വീഴ്ചകൾ പറ്റിയാൽ കുറ്റബോധം കൊണ്ട് അവർ സ്വയം അസ്വസ്ഥരാകും. അന്തരീക്ഷത്തിൽ നിന്ന് ഊർജ്ജം സ്വീകരിച്ച് സ്വയം പ്രവർത്തിക്കുന്ന ചില ഉപഗ്രഹങ്ങൾ പോലെയാണ് ജാതിവ്യവസ്ഥ. ഭാരതത്തിലെ പൂർവ്വികർ ചെയ്തുവച്ച ഈ മികവാർന്ന മാതൃകയ്ക്കു മുന്നിൽ നമസ്കരിക്കേണ്ടതാണ്. നമോ നമ. നമുക്കുവേണ്ടി പൈതൃകത്തിന് പോറലേൽപ്പിക്കാതെ ഈ വ്യവസ്ഥയെ മുന്നോട്ടുകൊണ്ടുപോകാനായി അവതാരമെടുത്ത നമോയ്ക്ക്, നരേന്ദ്രമോഡിജിക്ക് ഒരു നമസ്കാരം കൂടി.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും രാജ്യത്താകമാനം ശൂദ്രരെ മർദ്ദിക്കുന്നതിൽ പ്രധാനമന്ത്രിക്ക് അഭിപ്രായമില്ല. 'കീചകവധം' കഥകളി ബുക്ക് ചെയ്യാൻ വന്ന ക്ഷേത്രകമ്മിറ്റി ഭാരവാഹികൾ പ്രതിഫലം കുറച്ചുകിട്ടാൻ വേണ്ടി, 'കീചകനെ കൊല്ലണമെന്നില്ല, ഒന്നു വിരട്ടി വിട്ടാൽ മതി' എന്ന് കഥകളി ആശാനോട് വില പോശിയപോലെ പ്രധാനമന്ത്രിയും ഈയിടെ പറയുകയുണ്ടായി. "നമ്മുടെ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ നമുക്കറിയാം.




കുതിരയെ മർദ്ദിക്കുന്ന ഗണേഷ് ജോഷി.



ഗുജറാത്തിലെ ഉനയിലെ മർദ്ദനം.

എന്നാൽ ദളിത് സഹോദരന്മാർക്കെതിരെ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ എന്റെ ശിരസ്സ് അപമാനഭാരംകൊണ്ട് താഴ്ന്നുപോകുന്നു. എഴുപത് വർഷം പിന്നിട്ടിരിക്കുന്നു ഇന്ത്യ സ്വതന്ത്ര്യയായിട്ട്. ഇനിയും നമുക്ക് കാത്തിരിക്കാൻ കഴിയില്ല. കൂടുതൽ വ്യക്തമായ ദിശാബോധം നമുക്ക് വേണം." ലുധിയാനയിൽ വച്ച് ദേശീയ എസ്.സി/എസ്.ടി ഹബ്ബ് ഉദ്ഘാടനം ചെയ്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ വിനയാന്വിതനായത്.

എന്തൊക്കെയാണ് മർദ്ദിക്കും തോറും ഗുണം വർദ്ധിക്കുന്നത് എന്ന് വിശദമാക്കുന്ന ശ്ലോകത്തിൽ കുതിരയും പെടും. അതറിയാവുന്നതുകൊണ്ടാണ് ഡെറാഡ്യൂണിലെ ബി.ജെ.പിയുടെ എം.പി ഗണേഷ് ജോഷി ഡൽഹി പോലീസ്സേനയിലെ കുതിരയുടെ കാൽ തല്ലിയൊടിച്ചത്. ഗണേഷ്ജിയുടെ നേതൃത്വത്തിൽ നടത്തിയ, ഡൽഹി സർക്കാരിനെതിരെയുള്ള പ്രകടനത്തിലാണ് ശാസ്ത്രപ്രോക്തമായ ഈ കൃത്യം നടന്നത്. പത്ത് മൃഗ ഡോക്ടർമാരുടെ നേതൃത്വത്തിൽ മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയ നടത്തിയിട്ടും കുതിര ചത്തുപോയി. രാജ്യത്താകമാനം ഫാഷൻ തരംഗം പോലെ നടക്കുന്ന ദലിത് മർദ്ദനം കണ്ട് ആവേശം കൊണ്ടിട്ടാവാം ഗണേഷ്ജി കുതിര കയറിയത്. 95,000 രൂപയ്ക്കാണ് ഡൽഹി പോലീസ് ശക്തിമാൻ എന്ന് പേരുള്ള ഈ കുതിരയെ മൂന്നര വയസ്സുള്ളപ്പോൾ വാങ്ങിയത്. ഗുണം വർദ്ധിപ്പിക്കാൻ വേണ്ടി മർദ്ദിക്കുമ്പോൾ ദലിതനാണ് ചത്തുപോകുന്നതെങ്കിൽ നഷ്ടമൊന്നും സംഭവിക്കില്ല. ദലിതനെപ്പോലെയല്ല കുതിര. അത് വലിയ വിലയുള്ളതാണെന്ന് ഗണേഷ്ജി ഓർക്കേണ്ടതായിരുന്നു.

ഗുജറാത്തിലെ ഉനയിലെപ്പോലെ എല്ലായിടത്തും ഒരേ രീതി തന്നെ വേണമെന്നില്ല. യു.പിയിലെ ദാദ്രിയിൽ ന്യൂനപക്ഷക്കാരനെ ഇഷ്ടികകൊണ്ട് ഇടിച്ചാണ് കൊന്നതെങ്കിൽ ഝാർഖണ്ഡിൽ കൊന്ന് മരത്തിൽ കെട്ടിത്തൂക്കുകയാണുണ്ടായത്. ഹരിയാനയിലെ മേവാത്തിൽ ഒരേ കുടുംബത്തിലെ രണ്ടുപേരെ കൊന്നും പെൺകുട്ടികളെ ബലാത്സംഗം ചെയ്തുമാണ് മടങ്ങിയത്. നമ്മളിൽ നിന്നും ആസാദി വേണമെന്ന് വിളിച്ചുകൂവി നടക്കുന്ന ജെ.എൻ.യുവിലെ കനയ്യകുമാറിനെ ദില്ലിയിലെ കോടതിയ്ക്കുള്ളിൽവച്ചുപോലും കറുത്തകോട്ടിട്ട നമ്മുടെ ആൾക്കാർതന്നെ കൈകാര്യം ചെയ്തിട്ട് എന്തെങ്കിലും സംഭവിച്ചോ? നിയമങ്ങൾക്കുമൊക്കെ അപ്പുറത്താണ് നമ്മുടെ സനാതന ധർമ്മം. പരിഷ്കൃതരും സ്വതന്ത്ര ചിന്താഗതിക്കാരുമായ കൽബുർഗിക്കും ധബോൽക്കർക്കും പൻസാരെയ്ക്കും അവരുടെ സ്റ്റാറ്റസിനനുസരിച്ച് റിവോൾവർ തന്നെ അനുവദിച്ചു. രാഷ്ട്രപിതാവിന് കൊടുത്ത അതേ ആദരവ്.

രാജ്യത്തിന്റെ തെക്കേ അറ്റത്ത് കിടക്കുന്ന കേരളത്തെ വരുതിയിലാക്കാൻ എന്തുനടപടികളാണ് വേണ്ടതെന്ന കാര്യത്തിൽ അഭിപ്രായ ഐക്യം ഉണ്ടായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. രാജ്യം മുഴുവൻ കൈപ്പിടിയിലായിട്ടും കേരളീയൻ പിടിതരാതെ ഒളിച്ചുകളിക്കുകയാണ്. ഇഷ്ടികകൊണ്ടോ കയറുകൊണ്ടോ തോക്കുകൊണ്ടോ അവനെ തളയ്ക്കാൻ പറ്റുമെന്ന് തോന്നുന്നില്ല. അവന് ബലം കൊടുക്കുന്ന രണ്ട് ജീവനാഡികൾ ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. അത് രണ്ടും വേരോടെ വെട്ടിയിട്ടാൽ ഒരുപക്ഷേ അവൻ വീഴും. ഒരു നാഡി, അവന്റെ ഉത്സവമായ ഓണത്തെപ്പറ്റിയുള്ള മിത്താണ്. കള്ളവും ചതിയും പൊളിവചനവുമില്ലാത്ത, പ്രജകളുടെ ഹിതം നോക്കി ഭരണം നടത്തുന്ന ചക്രവർത്തിയും ഐശ്വര്യം നിറഞ്ഞ ഒരു കാലവും സമൂഹവും അവന്റെ സ്വപ്നത്തിലുണ്ട്. അതു തകർത്താലല്ലാതെ അവനെപ്പിടിക്കാനാവില്ല. ഓർമ്മയിൽ കാട് ഉള്ള മൃഗത്തെ എളുപ്പം മെരുക്കാനാവില്ലെന്ന് ഒരു മല

➯ *ഷേവ് ചെയ്യുമ്പോൾ മുഴുവനും കളയാതെ മൂക്കിന് താഴെ ഒരു പതിനൊന്ന് നിർത്തുന്ന ന്യൂജൻ വാമനൻ* ➯

യാളത്താൻ കവി പാടിയിട്ടുമുണ്ട്. കേരളീയനെ പിടിക്കാൻ ചെയ്യേണ്ടത് പഴയ ചതിതന്നെയാണ്. മഹാബലിയോട് ചെയ്ത ചതി. അതായത്, വാമനനെ രംഗത്തിറക്കുക. ഷേവ് ചെയ്യുമ്പോൾ മുഴുവനും കളയാതെ മൂക്കിന് താഴെ ഒരു പതിനൊന്ന് നിർത്തുന്ന ന്യൂജൻ വാമനൻ. കുള്ളനാവുമ്പോൾ മനുഷ്യഗോപുരങ്ങളുടെ മുകളിൽ കയറി ഉറിയിലിരിക്കുന്ന മൺകലം തകർക്കാൻ എളുപ്പമുണ്ട്. ഭാഗവതത്തിലെ ശ്ലോകമനുസരിച്ച് വാമനൻ ആരെയാണോ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നത് അവരുടെ ഐശ്വര്യത്തെയാണല്ലോ ആദ്യം തകർക്കുക.

കേരളീയന്റെ രണ്ടാമത്തെ ജീവനാഡി ശ്രീനാരായണ ഗുരു എന്ന പരട്ട സന്ന്യാസിയാണ്. ഇയാൾ ഹിഗ്വിറ്റയെപ്പോലെ പരിധിക്ക് പുറത്തുപോയിക്കളിച്ചയാളാണ്. ജാതിക്കും മതത്തിനും പുറത്തുപോയിട്ടും സന്ന്യാസം നിലനിർത്തിയ തീവ്രവാദി. പൂണൂൽ അണിയിച്ച് ബ്രാഹ്മണനാക്കിയാലോ, കള്ളു നാറുന്നെന്നു പറഞ്ഞ് ഭർത്സിച്ചാലോ ഒന്നും അയാളെ ഒതുക്കാൻ പറ്റില്ല. കളത്തിനുള്ളിൽ നിന്നു തന്നാലല്ലേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. കളത്തിന് പുറത്തുവച്ചാണ് അയാളുടെ സകല പോക്രിത്തരങ്ങളും. പുഴയിൽ നിന്നും മുങ്ങിയെടുത്ത കല്ലുകൊണ്ട് പ്രതിഷ്ഠ നടത്തുക, കണ്ണാടി, വിളക്ക് അങ്ങനെ തോന്നിയതൊക്കെ പ്രതിഷ്ഠിച്ച് ക്ഷേത്രങ്ങൾ സ്ഥാപിക്കുക, ഇതൊക്കെ ചെയ്തിട്ടും അമ്പലം ആവശ്യമില്ലെന്നും വിദ്യാലയങ്ങളും വ്യവസായങ്ങളുമാണ് വേണ്ടതെന്നും പറയുക, യുക്തിവാദികളെപ്പിടിച്ച് ശിഷ്യരാക്കുക, പറയന്റെയും പുലയന്റെയും കൂടെ തൊട്ടിരുന്ന് പന്തിഭോജനം നടത്തുന്നവർക്ക് ആശംസയെഴുതിക്കൊടുക്കുക ഇങ്ങനെ അയാൾ ചെയ്തുകൂട്ടിയതൊന്നും പറയാതിരിക്കുകയാണ് ഭേദം. അങ്ങനെയൊക്കെയാണെങ്കിലും കേരളീയരെ തൊടണമെങ്കിൽ അയാളിലൂടെയേ നടക്കൂ. അതുകൊണ്ടുതന്നെ രണ്ടാമത്തെ ദൗത്യം ശ്രീനാരായണനെ പിടിച്ച് മാമോദീസമുക്കി ഹിന്ദു സന്ന്യാസിയാക്കുക എന്നതാണ്. മഞ്ഞമുണ്ടഴിച്ചുമാറ്റി രണ്ടു സെറ്റ് കാവിപ്പുടവ കൊടുക്കുക. 'ബ്രിട്ടീഷുകാരാണ് നമുക്ക് സന്ന്യാസം തന്നത്' എന്ന് പുള്ളി പണ്ടുപറഞ്ഞ വാചകം വലിയ തടസ്സം തന്നെയാണ്. അതിനെ മറികടക്കാനുള്ള എന്തെങ്കിലും ഉപായം തോന്നിപ്പിക്കാൻവേണ്ടി വാമന മൂർത്തിയുടെ ക്ഷേത്രത്തിൽ ഒരു നാൽപ്പത്തൊന്ന് ദിവസം ഭജനമിരിക്കുക.

ഒരു ജനതയുടെ മനസ്സിൽ കിടക്കുന്ന ഓണത്തെപ്പറ്റിയുള്ള സ്വപ്നവും ശ്രീനാരായണന്റെ സാന്നിധ്യം കൊണ്ടുണ്ടായ സംസ്കാരവും- ഇത് രണ്ടും വെട്ടിമാറ്റിയാൽ നേമത്ത് രാജേട്ടൻ ചവുട്ടിയ ആദ്യത്തെ കുഞ്ഞിക്കാലിന് തുടർച്ചയുണ്ടാകും. അങ്ങനെയെങ്കിൽ ഏതാനും കാലടികൾകൊണ്ട് നാക്കിലവച്ചപോലെയുള്ള ഈ ഭൂമിയെ നമുക്ക് വളരെ വൈകാതെ തന്നെ പാതാളത്തോളം ഉയർത്താം.

ഒരു ജനതയുടെ രണ്ട് ജീവനാഡികളാണ് ഒന്നിച്ചുവെട്ടാനായി ഓങ്ങുന്നത്. ഇതിൽ എന്തെങ്കിലും തിരിച്ചടി പറ്റിയാൽ... മഴുവെറിയാനായി കൈയുയർത്തി പിന്നോക്കം വളഞ്ഞുനിൽക്കുന്ന പരശുരാമ പ്രതിമപോലെ, നേമം മണ്ഡലത്തിലെ രാജേട്ടന്റെ ഒറ്റക്കാലിലുള്ള കോമാളിനില പോലും പരുങ്ങലിലാകും. തന്ത്രങ്ങളും സ്വപ്നങ്ങളും പിഴയ്ക്കുമോ? എല്ലാ സന്നാഹങ്ങളും ഒരു വാഴയിലയിൽ പൊതിഞ്ഞ് തെക്കോട്ടെടുക്കേണ്ടി വരുമോ?

ഒരർത്ഥത്തിൽ രണ്ടും പുറമ്പോക്കുകളാണ്-ഓണവും നാരായണഗുരുവും. ഒരു ഗ്രന്ഥത്തിന്റേയും പിൻബലമില്ലാത്തത്. ജനമനസ്സുകളിൽ മാത്രം സ്ഥാനമുള്ളത്. ഭാഗവതവും മനുസ്മൃതിയും പോലുള്ള പ്രാമാണിക ഗ്രന്ഥങ്ങളുടെ സഹായത്താൽ അമിത്ഷാജിക്ക് തച്ചുടച്ച് കളയാനുള്ളതേയുള്ളൂ വാമൊഴികളുടെ മാത്രം ബലത്തിൽ നിൽക്കുന്ന ഓണവും മതത്തിന് പുറത്ത് നിൽക്കുന്ന സന്ന്യാസിയും. പ്ലാനും പദ്ധതികളും മെനയുമ്പോഴും എല്ലാ പുരാണങ്ങളും ഇതിഹാസങ്ങളും ചികയുമ്പോഴും പെരുന്തച്ചന്റെ ഒരു വാചകം മനസ്സിന്റെ അടിയിൽ ക്കിടന്ന് അലോസരപ്പെടുത്തിക്കൊണ്ട് മുഴങ്ങുന്നു.

"എല്ലാം പഠിച്ചുകഴിഞ്ഞു എന്നു കരുതുന്നവനെപ്പോലെ പടുവിഡ്ഢിയില്ല." ■


## മുറിവേറ്റ മലയാഴം

**കേരളത്തിലെ പാറമടകൾ സൃഷ്ടിക്കുന്ന സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ**

**നബീൽ. സി.കെ.എം**
**നടത്തിയ അന്വേഷണാത്മ റിപ്പോർട്ട്**
**പുസ്തകരൂപത്തിൽ കേരളീയം**
**പ്രസിദ്ധീകരിക്കുന്നു...**
**പ്രകാശനം ഡിസംബർ ആദ്യവാരം.**



പാറ പൊട്ടിച്ചെടുക്കലല്ല, ശരിക്കും ഖനനം ചെയ്തെടുക്കൽ തന്നെയാണ് കേരളത്തിൽ നടക്കുന്നതെന്നും, നിയമങ്ങൾ എത്രമാത്രം അപര്യാപ്തമാണെന്നും, ഉള്ള നിയമങ്ങൾ എത്ര ലാഘവത്തോടെയാണ് ലംഘിക്കപ്പെടുന്നതെന്നും, ഏറെ ഉദ്ഘോഷിക്കപ്പെടുന്ന ഒരു ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ ഇച്ഛയും അവകാശങ്ങളും അട്ടിമറിക്കപ്പെടുന്നത് എങ്ങനെയെല്ലാമാണെന്നും രാഷ്ട്രീയപാർട്ടികളും പാറമട ലോബികൾക്കുമിടയിൽ മാഫിയാബന്ധങ്ങൾ എങ്ങനെയാണ് ഉടലെടുക്കുന്നതെന്നും ക്വാറിവിരുദ്ധ സമരങ്ങൾക്ക് പറയാനുള്ളത് എന്തല്ലെമാണെന്നും വിശദീകരിക്കുന്നു. ചുരുക്കത്തിൽ, മരിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ഒരു ദയനീയ ചിത്രമാണ് **'മുറിവേറ്റ മലയാഴം'...**